**"മാതൃഭാഷ-മലയാളം"**

**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം, കേരള, തിരുവനന്തപുരം**

**(ഹാജർ : ബി.രാധാകൃഷ്ണൻ )**

വിഷയം : അബ്കാരി- 2025-26 വർഷത്തേക്ക് ദക്ഷിണ മേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ പതിമൂന്നാം ഘട്ട ഓൺലൈൻ വില്പന /പുനർവില്പന നടപടികളുടെ സമയക്രമം നിജപ്പെടുത്തി ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം :

1.06.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ 654/2023)

2.04.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തീയതിയിലെ SRO നമ്പർ 942/2023)

3.15.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ് (15.09.2023 തീയതിയിലെ SRO നമ്പർ 980/2023)

4.എക്സൈസ് കമ്മീഷണറുടെ 15.10.2025 തീയതിയിലെ EXC/5187/2025-XA1 നമ്പർ കത്ത്.

5.പത്തനംതിട്ട ഡിവിഷനിലെ 21.07.2025 ലെ ഡി.പി.1-1999/25 നമ്പർ കത്ത്.

6.കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 21.07.2025 ലെ EDOKTM/931/2024-K5 നമ്പർ കത്ത്.

7.ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 22.07.2025 ലെ EDOALP/323/2024-A1 നമ്പർ കത്ത്.

8.കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 16.09.2025 ലെ EDOKLM/1358/2025-Q4 നമ്പർ കത്ത്.

9.തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 21.07.2025 ലെ EDOTVM/1086/2023-T4 നമ്പർ കത്ത്.

**<u>ഉത്തരവ് നം. EXC-SZ/406/2023-SZ3 തീയതി.17-10-2025</u>**

മേൽ പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകളുടെയും പരാമർശം (4) മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2025-26 കാലയളവിലേക്ക് വിവിധ കാരണങ്ങളാൽ ലൈസൻസ് ക്യാൻസൽ ചെയ്യുകയും വിൽപ്പനയ്ക്ക് അവശേഷിക്കുന്നതുമായ കള്ള് ഷോപ്പുകൾ 31.03.2026 വരെ കാലയളവിലേക്ക് ഓൺലൈൻ മുഖേന വിൽപ്പന നടത്തുവാൻ പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പരാമർശം (5), (7), (8), (9) പ്രകാരം പ്രിവിലേജ് റദ്ദ് ചെയ്യുകയും പുനർവിൽപ്പന നടത്താൻ തടസ്സം ഇല്ലാത്തതുമായ ദക്ഷിണ മേഖലയിലെ കള്ള് ഷോപ്പുകളുടെ വിവരം പത്തനംതിട്ട, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം

ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ പുനർവിൽപ്പനയിൽ ഉൾപ്പെടുത്തുന്നതിന് കള്ളുഷോപ്പുകൾ ഒന്നും അവശേഷിക്കുന്നില്ല എന്ന് പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ടി കള്ളുഷാപ്പ് വിൽപ്പന 100% റെന്റലും, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അധിക റെന്റലും ഈടാക്കി ഓൺലൈൻ പ്ലാറ്റ്ഫോം വഴിയാണ് നടത്തുന്നത്. ബന്ധപ്പെട്ട നിയമം/ചട്ടം പ്രകാരം യോഗ്യത നേടിയവരും ടി ഉത്തരവിൽ പരാമർശിക്കുന്ന ഏതെങ്കിലും കള്ളുഷോപ്പ് ഗ്രൂപ്പുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നവരുമായ ഏതൊരു വ്യക്തിയും ഓൺലൈൻ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ സമയത്ത് അപേക്ഷകൻ 1000/- രൂപ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കണം. രജിസ്ട്രേഷൻ ഫീസ് ഒരു സാഹചര്യത്തിലും തിരികെ നൽകുന്നതല്ല. ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം മുൻഗണന ലഭിക്കാൻ അപേക്ഷകന് അർഹതയുണ്ടെങ്കിൽ, ആയത് രജിസ്ട്രേഷൻ സമയത്ത് പ്രഖ്യാപിക്കണം. കള്ളുഷോപ്പ് വിൽപ്പനയിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷന്റെ **അവസാന തീയതി 2025 ഒക്ടോബർ 27** ആയിരിക്കും.

ഇപ്രകാരം ഓൺലൈൻ മുഖേന നടത്തുന്ന 13-മത് e-Toddy Shop sale-ന്റെ ആദ്യ നടപടിയായി പുതിയ അപേക്ഷകർക്ക് One Time Registration e-Toddy പോർട്ടൽ മുഖാന്തിരം 20.10.2025 മുതൽ 27.10.2025 വരെ നടത്താവുന്നതാണ്. അതത് ഡിവിഷനിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ One Time Verification നടപടികൾ 30.10.2025 ന് പൂർത്തിയാക്കേണ്ടതാണ്. തുടർന്നു നടക്കേണ്ട കള്ളുഷോപ്പുകളുടെ അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നതുവരെ സ്വീകരിക്കേണ്ട നടപടികളുടെ സമയക്രമം താഴെപറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

**<u>അപേക്ഷ സമർപ്പിക്കൽ</u>**

One Time Registration വിജയകരമായി പൂർത്തിയാക്കിയവർ എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 03.11.2025 തീയതി മുതൽ 04.11.2025 തീയതി (24.00 hours) വരെ Online മുഖേന അപേക്ഷകൾ സമർപ്പിക്കാവുന്നതും. അതോടൊപ്പം ബന്ധപ്പെട്ട ഗ്രൂപ്പുകളുടെ 100% റെന്റലും (Rental), സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അധിക റെന്റലും (Additional Rental) ചേർന്ന തുക Online Payment ചെയ്യേണ്ടതുമാണ്. **നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

**<u>സൂക്ഷ്മ പരിശോധന</u>**

ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഡിവിഷനിൽ Online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും **05.11.2025 തീയതിയിൽ** 2 PM സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശ ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സൂക്ഷ്മ പരിശോധനാ സമയം ടി ഗ്രൂപ്പ് കള്ളുഷോപ്പുകൾ വിൽപ്പന നടത്തുന്നതിന് യാതൊരു തരത്തിലുള്ള തടസ്സങ്ങളും ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**<u>വിൽപ്പന നടപടികൾ</u>**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അംഗീകരിച്ച് യഥാക്രമം ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ (e-toddy) സമർപ്പിക്കേണ്ടതാണ്. **07.11.2025 തീയതി രാവിലെ 11 മണി മുതൽ** താഴെ പറഞ്ഞിരിക്കുന്ന ക്രമ പ്രകാരം ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഓൺലൈൻ മുഖേന (Online ൽ) വിൽപ്പന നടത്തി, താൽക്കാലിക വിജയിയെ ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ആയി Online Platform ൽ കൂടി പ്രഖ്യാപിക്കുന്നതാണ്.

ആയതിലേയ്ക്കായി ഡിവിഷൻ, റേഞ്ച്, വിൽപ്പന തീയതി എന്നിവ ചുവടെ ചേർത്ത് ക്രമീകരിച്ച് ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം തടസ്സം ഉണ്ടായാൽ സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശ ഉത്തരവുകളിലും മാർഗ്ഗ നിർദ്ദേശങ്ങളിലും പറയുന്നവിധം താൽക്കാലിക വിജയിയെ പ്രഖ്യാപിക്കുന്ന നടപടി youtube (https://youtube.com/@SouthZoneExcise) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

| ക്രമനം. | ജില്ല | സർക്കിൾ | റെയ്ഞ്ച് | ഗ്രൂപ്പ് | തീയതി/സമയം 11 മണി മുതൽ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | നെടുമങ്ങാട് | നെടുമങ്ങാട് | 1 | 07.11.2025 |
| 2 | | | വാമനപുരം | II | 07.11.2025 |
| 3 | | | ആര്യനാട് | I | 07.11.2025 |
| 4 | | ആറ്റിങ്ങൽ | ചിറയിൻകീഴ് | I | 07.11.2025 |
| 5 | | | ചിറയിൻകീഴ് | II | 07.11.2025 |
| 6 | | | കിളിമാന്നൂർ | I | 07.11.2025 |
| 7 | | വർക്കല | വർക്കല | III | 07.11.2025 |
| 8 | കൊല്ലം | കൊട്ടാരക്കര | ചടയമംഗലം | I | 07.11.2025 |
| 9 | | | ചടയമംഗലം | III | 07.11.2025 |
| 10 | | | ചടയമംഗലം | IV | 07.11.2025 |
| 11 | | കരുനാഗപ്പള്ളി | കരുനാഗപ്പള്ളി | III | 07.11.2025 |
| 12 | | കൊല്ലം | കൊല്ലം | II | 07.11.2025 |
| 13 | | | കൊല്ലം | V | 07.11.2025 |
| 14 | | കുന്നത്തൂർ | ശാസ്താംകോട്ട | II | 07.11.2025 |
| 15 | | പത്തനംതിട്ട | പത്തനംതിട്ട | 1 | 07.11.2025 |

| | | | | | |
|---|---|---|---|---|---|
| 16 | പത്തനംതിട്ട | | പത്തനംതിട്ട | III | 07.11.2025 |
| 17 | | തിരുവല്ല | തിരുവല്ല | I | 07.11.2025 |
| 18 | ആലപ്പുഴ | കുട്ടനാട് | കുട്ടനാട് | V | 07.11.2025 |
| 19 | | | കുട്ടനാട് | VII | 07.11.2025 |
| 20 | | | കുട്ടനാട് | X | 07.11.2025 |
| 21 | | | കുട്ടനാട് | XVI | 07.11.2025 |
| 22 | | ആലപ്പുഴ | ആലപ്പുഴ | XVI | 07.11.2025 |

ബന്ധപ്പെട്ട എല്ലാ ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും ടി കള്ള്ഷോപ്പ് വിൽപ്പന സംബന്ധിച്ച വിവരം പത്രമാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതും ആവശ്യമായ പ്രചരണം നൽകേണ്ടതുമാണ്.

RADHAKRISHNAN B
JOINT EXCISE COMMISSIONER

ഗ്രാഹകൻ : ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ
പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം
(അതത് ഡിവിഷനുകളിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിലും ടി വിവരം പരസ്യപ്പെടുത്തേണ്ടതാണ്)

പകർപ്പ് :
1. എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
2. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) (ഉപരിപത്രം സഹിതം )
3. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) (ഉപരിപത്രം സഹിതം)
4. സൂപ്രണ്ട്/എക്സൈസ് ഇൻസ്പെക്ടർ ഐ.റ്റി സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം-നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ഓൺലൈൻ നടപടിക്രമങ്ങളുടെ സുഗമമായ നടത്തിപ്പിനും
5. ഉത്തരവ് ഫയൽ / കരുതൽ ഫയൽ

**കേരള എക്സൈസ് വകുപ്പ്.**

**"മാതൃഭാഷ-മലയാളം"**

## <u>മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം</u>

**<u>(ഹാജർ: എസ് കൃഷ്ണകുമാർ)</u>**

വിഷയം : അബ്കാരി:-2023-26വർഷത്തെ മദ്ധ്യമേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/ പ്രിവിലേജ് റദ്ദ് ചെയ്യ്ട്ടുതിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺ ലൈൻ വിൽപ്പന/പുനർവിൽപ്പന സംബന്ധിച്ച നടപടിക്രമങ്ങൾ പുനക്രമീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം: 1 ) 06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/ നികുതി വകുപ്പ് (SRO നമ്പർ: 654/2023)

2) 04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/ നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)

3) 15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/ നികുതി വകുപ്പ്.

4. എക്സൈസ് കമ്മീഷണറുടെ 03.05.2025, 06.05.2035തിയതികളിലെ EXC/187/2025-XA1 നമ്പർ കത്ത്.

5. ഈ ഓഫീസിലെ 17.10.2025 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്.

6. തൃശ്ശൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ തിയതിയിലെ 16.10.25 തിയതിയിലെ EDOTSR/660/2022-R5 നമ്പർ കത്ത്.

നമ്പർ. <u>JECCZ/677/2022-CZ3</u> തീയതി: 18-10-2025

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ളതുമായ കള്ളുഷാപ്പുകളുടെ വിൽപ്പന/പുനർവിൽപ്പനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം സംബന്ധിച്ച് മേൽ സൂചന 5 പ്രകാരമുള്ള ഉത്തരവിലെ നടപടിക്രമങ്ങൾ സൂചന- 6 കത്തിന്റെയടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

<u>One Time Registration</u>

കള്ളുഷാപ്പ് വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ആയ സർവീസ് പ്ലസിൽ "etoddy"മുഖേന One Time Registration നടത്തുവാനോ, പുതുക്കുവാനോ 20.10.2025 തിയതി മുതൽ 27.10.2025 വരെ സാധിക്കുന്നതാണ്. 30.10.205 ന വേരിഫിക്കേഷൻ നടപടികൾ അവസാനിക്കുന്നതാണ്.

**<u>അപേക്ഷ സമർപ്പിക്കൽ</u>**

"One Time Registration"നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 03.11.2025 മുതൽ 04.11.2025തീയതി വരെ "online" മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ് കളുടെ പുതുക്കിയ നിരക്കിലുള്ള "Rental and Additional Rental"എന്നിവ "online payment"ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 05.11.2025തിയതി ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിൽപ്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 07.11.2025 തിയതിയിൽ രാവിലെ 11AM ന ആരംഭിച്ച് ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube(https://youtube.com/@CentralZoneExcise) (ലിങ്ക് etoddyവെബ്സൈറ്റിൽ ലഭ്യമാണ്)ൽ കൂടി വീക്ഷിക്കാവുന്നതാണ്.

**എറണാകുളം ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | മട്ടാഞ്ചേരി | I | 07.11.2025 |
| 2 | ഞാറക്കൽ | I | 07.11.2025 |
| 3 | ഞാറക്കൽ | III | 07.11.2025 |
| 4 | ആലുവ | IV | 07.11.2025 |
| 5 | പിറവം | XI | 07.11.2025 |

**തൃശ്ശൂർ ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കൊടുങ്ങല്ലൂർ | റേഞ്ച് | 07.11.2025 |
| 2 | തൃശ്ശൂർ | റേഞ്ച് | 07.11.2025 |
| 3 | വാടാനപ്പിള്ളി | V | 07.11.2025 |
| 4 | ചാവക്കാട് | IX | 07.11.2025 |
| 5 | കുന്ദംകുളം | V | 07.11.2025 |
| 6 | ഇരിഞ്ഞാലക്കുട | III | 07.11.2025 |
| 7 | ഇരിഞ്ഞാലക്കുട | XIV | 07.11.2025 |
| 8 | ഇരിഞ്ഞാലക്കുട | XVII | 07.11.2025 |

**പാലക്കാട് ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | ചിറ്റൂർ | I | 07.11.2025 |
| 2 | ചിറ്റൂർ | VII | 07.11.2025 |
| 3 | ചിറ്റൂർ | VIII | 07.11.2025 |
| 4 | ചിറ്റൂർ | IX | 07.11.2025 |
| 5 | തൃത്താല | III | 07.11.2025 |
| 6 | ഒറ്റപ്പാലം | VII | 07.11.2025 |
| 7 | ഒറ്റപ്പാലം | X | 07.11.2025 |

**ഇടുക്കി ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൊടുപുഴ | VI | 07.11.2025 |
| 2 | മൂലമറ്റം | III | 07.11.2025 |

എറണാകുളം ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ജിജോയ് ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ് ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

Signed by Krishna Kumar S
Date: 18-10-2025 14:37:15

KRISHNA KUMAR S
JOINT EXCISE COMMISSIONER

ഗ്രാഹകൻ:

പകർപ്പ്:
1. എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
2. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എറണാകുളം,ഇടുക്കി തൃശ്ശൂർ, പാലക്കാട്) (ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽപരസ്യപ്പെടുത്തേണ്ടതാണ്)
3. എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
   (നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ഉത്തരവ് ഫയൽ / കരുതൽ ഫയൽ

## കോഴിക്കോട് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ: സുഗുണൻ. എം.)

വിഷയം:- അബ്കാരി- 2025-26 കാലയളവിലെ വിൽപ്പന നടക്കാത്തതും, റദ്ദ് ചെയ്ത തുമായ ഉത്തരമേഖലയിലെ കള്ളുഷാപ്പുകളുടെ 13-ാം ഘട്ട ഇ-ടോഡി വിൽപ്പന സംബന്ധിച്ച നടപടികളുടെ സമയക്രമം നിജപ്പെടുത്തി - ഉത്ത രവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) ബഹു. എക്സൈസ് കമ്മീഷണറുടെ 03-05-2025 ലെ EXC/855/2024-XA1 (Part 4) നമ്പർ കത്ത്.

2) GO(P) No. 115/2023/Taxes, dated 4-9-23 (SRO-942/2023, dated 5-9-23)

3) ബഹു. എക്സൈസ് കമ്മീഷണറുടെ 15-10-2025 ലെ EXC/5187/2025-XA1 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ JECNZ- 1066/2025/B തിയ്യതി 16-10-2025

മേൽ പരാമർശം (1)(2) സർക്കാർ ഉത്തരവുകളുടേയും പരാമർശം (1) മാർഗനിർദ്ദേശങ്ങളു ടേയും അടിസ്ഥാനത്തിൽ 2025-26 കാലയളവിലേക്ക് വില്പന നടക്കാത്തതും, പ്രിവിലേജ് റദ്ദ് ചെയ്തതുമായ ഉത്തരമേഖലയിലെ എക്സൈസ് ഡിവിഷനുകളിലെ കള്ള്ഷാപ്പുകളുടെ വില്പന/പുനർ വിൽപന നടപടിയുടെ ആദ്യപടിയായ **One Time Registration 20-10-2025 ന് ആരംഭിച്ച് 27-10-25 ന് പൂർത്തിയാക്കേണ്ടതാണ്. One Time Verification 30-10-2025 വരെയാണ്.** അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടികളുടെ സമയക്രമം താഴെപറയും പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

### അപേക്ഷ സമർപ്പിക്കൽ

One time registration നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റെയിഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ **03-11-2025 മുതൽ 04-11-2025** തീയ്യതി വരെ Online അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഗ്രൂപ്പുക ളുടെ റെന്റൽ അഡീഷണൽ റെന്റൽ എന്നിവ ഓൺലൈൻ പെയ്മെന്റ് ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. 2025-26 സാമ്പത്തിക വർഷം ഇ-ടോഡി പ്ലാറ്റ് ഫോമിൽ One time registration ചെയ്തിട്ടുള്ളവർക്കോ പുതുക്കിയിട്ടുള്ളവർക്കോ മാത്രമാണ് ഈ ഓൺലൈൻ ലേല നടപടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

### സൂക്ഷ്മ പരിശോധന

വില്പന നടക്കുന്ന ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിലെ ഓൺലൈൻ മുഖേന ലഭ്യമായ എല്ലാ **അപേക്ഷകളും 05-11-25 ന് സൂക്ഷ്മ പരിശോധന** പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടേയും, മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### വില്പന നടപടികൾ

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷ ണർക്ക് ഓൺലൈൻ പ്ലാറ്റഫോമിലുടെ സമർപ്പിക്കേണ്ടതാണ്. **07-11-2025 തീയതി 11.00 A.M ന്** ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിൽപ്പന ആരംഭിച്ച് (നോട്ടിഫിക്കേഷൻ പ്രകാരം) ഓൺലൈൻ മുഖേന വില്പന വിജയിയെ ജോയിന്റ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപി ക്കുന്നതാണ്. സാങ്കേതികമായ കാരണങ്ങൾ മൂലം വില്പന നടപടികളിൽ തടസമുണ്ടായാൽ

സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദ്ദേശങ്ങളിലും പറയുംവിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (http://youtube.com@NorthZoneExcise) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

കോഴിക്കോട് എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ഷിബിൻ.എസ്, കോഴിക്കോട് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. റിഷിത്ത് കുമാർ.ടി.വി എന്നീ ഉദ്യോഗസ്ഥർ ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതാണ്.

**ജോയിന്റ് എക്സൈസ് കമ്മീഷണർ**
**ഉത്തരമേഖല, കോഴിക്കോട്.**

<u>പകർപ്പ് സമർപ്പിക്കുന്നത് :</u>
എക്സൈസ് കമ്മീഷണർ (ഉ.പ. സഹിതം)

<u>പകർപ്പ്:</u>

1. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എല്ലാം - കള്ളുഷാപ്പുകളുടെ വിൽപ്പന സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കി ലിസ്റ്റ് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലേയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്.
2. ഇൻസ്പെക്ടർ (ഐ.ടി. സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)- നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
3. അസി. എക്സൈസ് കമ്മീഷണർ, ഇ.ഐ. ആന്റ് ഐ.ബി.
4. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, കോഴിക്കോട്
5. ഉത്തരവ് ഫയൽ/കരുതൽ ഫയൽ.